# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2852 06.11.2019-ലെ മറുപടി

### മുരിയാട്-വെളൂക്കര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.കെ.യു. അരുണൻ | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച മുരിയാട്-വേളൂക്കര കുടിവെള്ള പദ്ധതിക്ക് എന്തൊക്കെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര കോടി രൂപയുടെ ഡി.പി.ആർ ആണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ? | ഇരിങ്ങാലക്കുട മണ്ഡലത്തിൽ ഉദ്ദേശിച്ച മുരിയാട്-വേളൂക്കര ശുദ്ധജലവിതരണ പദ്ധതിക്ക് 60 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2016-ൽ DSR 2014 പ്രകാരം തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ അപര്യാപ്തത മൂലം പരിഗണിച്ചില്ല.<br>ഉത്പാദന ഘടകങ്ങൾ പൂർത്തീകരിച്ചതും നിർമ്മാണത്തിലിരിക്കുന്നതുമായ പദ്ധതികളിൽ വിതരണശൃംഖല സ്ഥാപിക്കുവാനുള്ള 128 പദ്ധതികൾക്കാണ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരിക്കുന്ന അഞ്ചു വർഷത്തേക്കുള്ള ഇൻവെസ്റ്റ്മെൻറ് പ്ലാനിൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. ഈ പദ്ധതികൾ പൂർത്തീകരിച്ചതിനു ശേഷമേ പുതിയ പദ്ധതികൾ ധനലഭ്യതയ്ക്കനുസരിച്ച് ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. |

Renuka Sankar
സെക്ഷൻ ഓഫീസർ